Deshabhimani 13-09-18, P-17

# വേണം ബദൽ കൃഷിരീതികൾ

സ്വന്തം ലേഖിക

**തിരുവനന്തപുരം**

പ്രളയാനന്തരം മണ്ണിലും കാലാവസ്ഥയിലുമുണ്ടായ മാറ്റങ്ങളെ പുതിയ കൃഷിരീതികൾ അവലംബിക്കാനുള്ള സാധ്യതയായി കാണണമെന്ന് കാർഷിക സർവകലാശാല റിട്ട. എന്റമോളജിസ്റ്റ് പി രഘുനാഥ്. പ്രളയജലം ഒഴുകിയിറങ്ങിയ കൃഷിസ്ഥലങ്ങളിൽ മണ്ണിന്റെ സ്വഭാവവും ഘടനയും മാറിയതിനാൽ ജൈവകൃഷിക്ക് അനുയോജ്യമായ അന്തരീക്ഷമാണുള്ളത്. മണ്ണിനെ അറിഞ്ഞ്, ശാസ്ത്രീയ ഉപദേശങ്ങൾക്ക് അനുസൃതമായ കൃഷിരീതികൾ സ്വീകരിക്കണം.

മഹാപ്രളയവും അതിവൃഷ്ടിയും മൂലം മണ്ണിൽ ഈർപ്പം കൂടുതലായ സാഹചര്യത്തിൽ കുമിൾരോഗങ്ങൾ വർധിക്കാനിടയുണ്ട്. വിവിധ വിളകളിൽ വേരഴുകൽ, തണ്ടഴുകൽ, കായഴുകൽ രോഗങ്ങൾ വ്യാപകമായി ഉണ്ടാകും. അമിതമായ ഈർപ്പം രോഗകാരണമായ കുമിളുകൾ പെരുകാൻ അനുകൂലസാഹചര്യം സൃഷ്ടിക്കും. ജാതി, കൊക്കോ, ഗ്രാമ്പൂ മരങ്ങളിൽ തടതുരപ്പൻ വണ്ടുകളും പുഴുക്കളും വർധിച്ചേക്കാം. വാഴയിലും തണ്ടുതുരപ്പൻ വണ്ടുകൾ അധികരിക്കാൻ സാധ്യതയുണ്ട്. പ്രളയദിനങ്ങളിൽ ഇവ ചെടികളുടെ തടയ്ക്കുള്ളിൽ അഭയം പ്രാപിച്ചതും പ്രളയാനന്തര വരൾച്ചയിൽ മിത്രകീടങ്ങൾ വൻതോതിൽ നശിച്ചതും ഇവയുടെ വർധനയ്ക്ക് കാരണമാകും. ചില സന്ദർഭങ്ങളിൽ തണ്ടുതുരപ്പൻ വണ്ടുകൾ പാവൽ, പടവലം പോലുള്ള പച്ചക്കറികളെ ആക്രമിക്കുന്ന കായ്തുരപ്പനായി സ്വഭാവമാറ്റം പ്രകടിപ്പിച്ചേക്കാം.

വാഴക്കൃഷിയെ വാട്ടരോഗം ബാധിച്ച കൃഷിസ്ഥലത്ത് കൃഷിപരിക്രമം ആവശ്യമായി വരും. കുമിളുകൾ പൂർണമായും നശിച്ചശേഷംമാത്രം വാഴക്കൃഷിയിലേക്ക് മടങ്ങണം. തെങ്ങിൻതോപ്പുകളിൽ പയർ ഉൾപ്പെടെയുള്ള വിളകൾ കൃഷിചെയ്യുന്നത് മണ്ണിന് ജൈവകവചം തീർക്കും. ഇടവിളകൾ പ്രോത്സാഹിപ്പിക്കുന്നത് ഒറ്റക്കൃഷിരീതി ഉളവാക്കുന്ന സാമ്പത്തികബാധ്യതയിൽനിന്ന് ഒരളവ് വരെ ആശ്വാസവുമേകും.

വെള്ളക്കെട്ട് ഇറങ്ങി ഈർപ്പം വലിഞ്ഞ മണ്ണ് കൂടുതൽ ഇറുകിയ അവസ്ഥയുണ്ട്. ഇത് കുരുമുളക്, വെറ്റില തുടങ്ങിയ ഇനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കും. ശക്തമായ അടിവേരില്ലാത്ത ഇത്തരം വിളകളുടെ വേരിന് ഇറുകിയ മണ്ണിൽനിന്ന് പോഷകാംശങ്ങൾ വലിച്ചെടുക്കാൻ കഴിയാതെവരികയും വിളകൾ കരിയുകയുംചെയ്യും. മണ്ണ് ഇളക്കി കൊടുക്കുന്നതും വിദഗ്ധ ഉപദേശപ്രകാരമുള്ള പരിഹാരമാർഗങ്ങൾ സ്വീകരിക്കുന്നതും ഗുണകരമാകും.

ജാതിയിൽ കാണപ്പെടുന്ന ഇലപൊഴിച്ചിൽ, തെങ്ങിൽ കൂമ്പ്ചീയൽ, കമുകിൽ മഹാളി, പച്ചക്കറികളിൽ കീടശലഭം എന്നിവയും ഉണ്ടാകാൻ ഇടയുണ്ട്. ബാക്ടീരിയബാധ മൂലമുണ്ടാകുന്ന ഇലകരിച്ചിലാണ് പ്രളയാനന്തരം നെൽക്കൃഷിയെ കൂടുതലായി ബാധിക്കുന്നത്. ഏക്കറിന് 30 ഗ്രാം സ്ട്രെപ്റ്റോസൈക്ലിനും 2 കിലോ ബ്ലീച്ചിംഗ് പൗഡറും പ്രയോഗിക്കാവുന്നതാണ്.

പല കീടനാശിനികളും വീട്ടിൽത്തന്നെ ജൈവരീതിയിൽ തയ്യാറാക്കാനാകും. കർഷക കൂട്ടായ്മകൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഗവേഷകർ എന്നിവരുടെ പങ്കാളിത്തത്തിൽ ചർച്ചചെയ്ത് പ്രാദേശികമായി അവലംബിക്കേണ്ട കാർഷികാതിജീവന മാർഗങ്ങൾ ചർച്ചചെയ്യണമെന്നും രഘുനാഥ് പറഞ്ഞു.

